# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **7460** **14/7/2014** ൽ മറുപടിയ്ക്ക്

## തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ദാസൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രം പി.ബി.എസ്. സ്ഥാപിത മായത് എപ്പോഴാണ് എന്നത് വിശദമാക്കാമോ; | (എ) | തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രം പി.ബി.എസ്. സ്ഥാപിതമായത് 1954 ൽ ആണ്. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ നില വിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നു; എത്ര ജീവനക്കാർ ജോലി ചെയ്യുന്നു ; വ്യക്തമാക്കാമോ ; | (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ പ്രവർത്ത നങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. സ്ഥാപനം പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഏക ജീവനക്കാരനായ ഗാർഡൻ കം ലാബ് ക്ലീനർ കോക്കനട്ട് നഴ്സറി, തിക്കോടിയിൽ സഹായിക്കുകയാണ്. |
| (സി) ഈ സ്ഥാപനത്തിന്റെ നാശാവ സ്ഥയെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടായിരുന്നുവോ ; വ്യക്തമാ ക്കാമോ ;<br><br>(ഡി) ഇത് സംബന്ധിച്ച നിയമസഭാ സാമാജികനിൽ നിന്ന് സർക്കാ രിന് നിവേദനം ലഭിച്ചിട്ടുണ്ടായി രുന്നുവോ ;എങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ? | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം മൂലം കെട്ടിടം ഇടിഞ്ഞ് ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. തകർന്നു വീഴാറായ കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ നടന്ന് വരികയാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തിക്കോടിയിൽ വേണ്ടത്ര സൗകര്യമില്ലാത്തതുകൊണ്ട് കൃഷി വകുപ്പിൽ കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററിന്റെ മുകളിലായി പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കോസ്റ്റ് ഫോർഡ് തയ്യാറാക്കിയിട്ടുണ്ട്. 2014-15 ലെ വിള ആരോഗ്യ പരിപാലന പദ്ധതിയിൻ കീഴിൽ ഇതിനായി 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. |

Reeni

**സെക്ഷൻ ഓഫീസർ**